**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2690 | 21/06/2012-ൽ മറുപടിയ്ക്ക്

**പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റിയുടെ ഭൂമി സ്വകാര്യവ്യക്തികൾക്ക് നൽകുന്നത് സംബന്ധിച്ച കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാനുള്ള ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി സർക്കാർ അധീനതയിലാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റിയുടെ 1.36 ഏക്കർ സ്ഥലം സർക്കാർ ഉത്തരവ് (സാധാ) നം. 2219/2003/റവ തിയതി 29-07-2003 പ്രകാരം ശ്രീമതി. കല്യാണിയമ്മയ്ക്ക് നൽകാൻ ഉത്തരവായിരുന്നു. |
| (ബി) ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; | (ബി), (സി), (ഡി) & (ഇ) ഉണ്ട്. ഇത് സംബന്ധിച്ച ബഹു. ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുണ്ട്. കേസിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുകയാണ്. സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഭൂവുടമയ്ക്ക് അവകാശമില്ലെങ്കിലും പരാമർശിത ഉത്തരവ് പിൻവലിക്കുകയാണെങ്കിൽ അത് കക്ഷിക്കു മാത്രമേ ഗുണം ചെയ്യുകയുള്ളൂവെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുകൂലമായ ഉത്തരവ് നേടാനാണ് ശ്രമിക്കുന്നത്. അതനുസരിച്ച് നടപടികൾ കൈക്കൊള്ളാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് ഭൂമി സർക്കാരിൽ തന്നെ നില നിർത്തുന്നതിനുവേണ്ടി തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ; സർക്കാരിന് ഭൂമി അധീനതയിലാക്കുന്നതിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | |
| (ഡി) ഭൂമി സർക്കാർ അധീനതയിലാക്കുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ ; | |
| (ഇ) പൊതുസ്വത്ത് സംരക്ഷിക്കുവാനായി ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കി സർക്കാർ നടപടികൾ സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ